**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1575** **31.01.2018 ൽ മറുപടിയ്ക്ക്**

**യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി**

| ചോദ്യം<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | 84997 അംഗങ്ങൾ നിലവിലുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രമാത്രം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | 1994- ൽ ആരംഭിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. മരണപ്പെട്ട കർഷകന്റെ നോമിനിക്ക് ആനുകൂല്യവും അവശത സംഭവിച്ചവർക്ക് അവശത ആനുകൂല്യവും 60 വയസ്സ് തികയുമ്പോൾ 30,000/- രൂപ മുതൽ 60,000/- രൂപവരെ ഗ്രാറ്റുവിറ്റിയും പ്രതിമാസം 1,000/- രൂപ പെൻഷനും നൽകി സാമൂഹ്യക്ഷേമ സുരക്ഷിതത്വം ഉറപ്പാക്കുക എന്നിവയായിരുന്നു ഉദ്ദേശലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവയെല്ലാം തന്നെ അംഗങ്ങൾക്ക് നൽകി വരുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| സി) പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സ് പൂർത്തിയായ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പെൻഷനും ഗ്രാറ്റിവിറ്റിയും നൽകിയിട്ടുണ്ടെന്ന് വിശദാംശം അറിയിക്കുമോ; | സി) | പെൻഷനും ഗ്രാറ്റുവിറ്റിയും 2017 മേയ് മാസം മുതൽ വിതരണം നടത്തി തുടങ്ങി. 7/14 മുതൽ 3/17 കാലയളവ് വരെയുള്ള തുകയാണ് വിതരണം നടത്തി വരുന്നത്. ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ അപാകതകൾ പരിഹരിച്ച് തുക വിതരണം നടത്തി കൊണ്ടിരിക്കുന്നു. 21 അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും ഇനത്തിൽ |

| | |
|---|---|
| | 11,07,000/- രൂപ അനുവദിച്ചു നൽകിട്ടുണ്ട്.<br>തിരുവനന്തപുരം - 9<br>കോട്ടയം - 3<br>പാലക്കാട് - 7<br>കണ്ണൂർ - 2<br>-----------<br>21<br>=======<br>കോഴിക്കോട്, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ അപാകത ഉള്ളതിനാൽ അപാകതകൾ പരിഹരിച്ച് അയക്കുന്നതിനായി അപേക്ഷകൾ ജില്ലയിലേയ്ക്ക് തിരിച്ച് അയച്ചിട്ടുണ്ട്. |
| ഡി) അർഹതപ്പെട്ട മുഴുവൻ അംഗങ്ങൾക്കും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) അർഹതപ്പെട്ട എല്ലാ അംഗങ്ങൾക്കും പെൻഷൻ നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**